**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം – 2025**

**പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്**
**എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

സംസ്ഥാനത്തെ 2025–ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള ഒന്നാംഘട്ട താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **11.07.2025 മുതൽ 18.07.2025, വൈകുന്നേരം 4 മണിവരെ** ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് 'KEAM 2025-Candidate Portal' ലെ 'Provisional Allotment List' എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്കാലിക അലോട്ട്മെന്റുമായി ബന്ധപ്പെട്ട പരാതികൾ engg.ceekerala@gmail.com എന്ന ഇ-മെയിൽ മുഖാന്തിരം Engineering Provisional Allotment List എന്ന വിഷയം പരാമർശിച്ച് **20.07.2025, വൈകുന്നേരം** 4 മണിക്കുള്ളിൽ അറിയിക്കാവുന്നതാണ്. സാധുവായ പരാതികൾ പരിഹരിച്ച് ഒന്നാം ഘട്ട അലോട്ട്മെന്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഒന്നാം ഘട്ട ഓപ്ഷൻ രജിസ്ട്രേഷൻ വേളയിൽ ഉൾപ്പെടുത്തിയിരുന്ന ഹീരാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പനവൂർ, നെടുമങ്ങാട് എന്ന കോളേജിലെ എല്ലാ കോഴ്സുകളും, ജവഹർ ലാൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, ഒറ്റപ്പാലം എന്ന കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഇൻഡസ്ട്രി ഇന്റഗ്രേറ്റഡ്), സിവിൽ എഞ്ചിനീയറിംഗ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളും അലോട്ട്മെന്റിനായി പരിഗണിച്ചിട്ടില്ല.

**ഹെൽപ് ലൈൻ നമ്പർ :** 0471 – 2332120, 2338487

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19-07-2025

Signed by Arun S Nair
Date: 19-07-2025 20:31:52